# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.654 | 29/10/2019-ൽ മറുപടിക്ക്

### പള്ളുരുത്തി, ഇടക്കൊച്ചി സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം

| | ചോദ്യം<br><br>**ശ്രീ.ജോൺ ഫെർണാണ്ടസ്** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കെട്ടിടത്തിന്റെ വാടക സംബന്ധിച്ച സാങ്കേതികപ്രശ്നം മൂലം, മട്ടാഞ്ചേരി കെ.എസ്.ഇ.ബി. ഡിവിഷന് കീഴിലെ പള്ളുരുത്തി സെക്ഷൻ ഓഫീസ് ഇടക്കൊച്ചിയിലും പള്ളുരുത്തി സെക്ഷൻ ഓഫീസ് വിഭജിച്ച് പുതുതായി രൂപീകരിച്ച ഇടക്കൊച്ചി സെക്ഷൻ ഓഫീസ് പള്ളുരുത്തിയിലെ കോർപ്പറേഷൻ വക വാടകരഹിത കെട്ടിടത്തിലും ആരംഭിക്കേണ്ടി വരുന്നതും ഇതു മൂലമുള്ള ബുദ്ധിമുട്ടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയതായി അനുവദിച്ച ഇടക്കൊച്ചി സെക്ഷൻ ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് വാടക രഹിത കെട്ടിടം ലഭ്യമാക്കേണ്ടതുണ്ടെന്ന് ബോർഡ് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. നിലവിൽ പള്ളുരുത്തി സെക്ഷനും സബ് ഡിവിഷനും പ്രവർത്തിക്കുന്ന കെട്ടിടം ഇടക്കൊച്ചി ഭാഗത്താണ്. ഇടക്കൊച്ചി സെക്ഷൻ ഓഫീസ് തുടങ്ങുന്നതിന് ലഭിച്ച വാടക രഹിത കെട്ടിടം പള്ളുരുത്തി ഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. ഇടക്കൊച്ചി സെക്ഷൻ വാടക രഹിത കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് പള്ളുരുത്തി ഇടക്കൊച്ചി എന്നീ സെക്ഷനുകളുടെ ഓഫീസുകൾ പരസ്പരം മാറ്റാവുന്നതാണ്. |
| (ബി) | ഇടക്കൊച്ചി നിവാസികൾക്ക് പള്ളുരുത്തിയിലേക്കും പള്ളുരുത്തി നിവാസികൾക്ക് ഇടക്കൊച്ചിയിലേക്കും സെക്ഷൻ ഓഫീസുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് പോകേണ്ടിവരുന്നതിന്റെ അനൗചിത്യം കണക്കിലെടുത്ത് പ്രസ്തുത സാങ്കേതിക പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ